തോടുകൾ അനധികൃതമായി നികത്തുന്നത് തടയാൻ നടപടി

113. [879] ശ്രീ. ഉമേഷ് ചള്ളിയിൽ :

" കെ.കെ. ഷാജു :

" എ.എൻ. രാജൻ ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിൻ പുറങ്ങളിലും നഗരങ്ങളിലും ഭൂമി തുണ്ടുതുണ്ടാക്കുന്നത് വ്യാപകമാകുന്നതിന്റെ ഭാഗമായി തോടുകൾ ഉൾപ്പെടെയുള്ള ഡ്രെയിനേജ് സംവിധാനങ്ങൾ നികത്തപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തോടുകൾ അനധികൃതമായി നികത്തുന്നതു തടയാൻ നിലവിൽ നിയമമുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ കനത്ത വെള്ളക്കെട്ടും കൃഷിനാശവുമുണ്ടാക്കുന്ന തോട് നികത്തൽ പ്രക്രിയ തടയാൻ സർക്കാർ ബോധവൽക്കരണവും നിയമവും നടപ്പാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 218-ാം വകുപ്പ് ഉപവകുപ്പ് (1) പ്രകാരം എല്ലാ പൊതു ജലമാർഗ്ഗങ്ങളും (പഞ്ചായത്ത് പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികൾ ഒഴികെയുള്ളത്) നദികളുടെ തടങ്ങളും തീരങ്ങളും ചെറുപുഴകളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും, ജലമാർഗ്ഗങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും നീരുറവകളും, ജലസംഭരണികളും, കുളങ്ങളും, നീർത്തടങ്ങളും, ജലധാരകളും, കിണറുകളും, കാപ്പുകളും, ചാലുകളും, സ്റ്റാന്റ് പൈപ്പുകളും, മറ്റ് ജലസംഭരണികളും അവയോട് ചേർന്നു കിടക്കുന്ന സ്വകാര്യ വസ്തു അല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമപഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കംചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടം (3) പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന ഭൂമിയിൽ അനധികൃതമായി കൈവശം വയ്ക്കുന്നതിന് നിരോധിക്കലും അപ്രകാരം ചെയ്താൽ പിഴയും ചുമത്താവുന്നതാണ്.

(സി) തോട് നികത്തലിനെതിരെ നിലവിലുള്ള നിയമം സംബന്ധിച്ച് ബോധവൽക്കരണം ഓരോ ഗ്രാമപഞ്ചായത്തിനും ഗ്രാമസഭകളിൽക്കൂടി നടപ്പിലാക്കാൻ നിർദ്ദേശം നൽകുന്നതാണ്.



LIBRARY ARCHIVES Kerala Legislative Assembly